ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 10.04.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ സ്ലൊവാക്യൻ സന്ദർശനം തുടരുന്നു; ഇന്ന് ഇന്ത്യ - സ്ലൊവാക്യ ബിസിനസ് ഫോറത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും.

   **President Draupadi Murmu's visit to Slovakia continues; the President will address the India-Slovakia Business Forum today.**

2. മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ന് ഇന്ത്യയിലെത്തിക്കും; നടപടി കേന്ദ്ര സർക്കാരിൻറെ നയതന്ത്ര വിജയമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

   **Mumbai terror attack case accused Tahawoor Rana will be brought to India today; Union Home Minister Amit Shah calls the move a diplomatic victory for the Modi government.**

3. ഫ്രാൻസിൽ നിന്ന് 26 റഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങാനൊരുങ്ങി ഇന്ത്യ.

   **India to procure 26 Rafale Marine fighter aircraft from France.**

4. കേരളത്തിൽ പോക്സോ കേസ് അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Kerala Chief Minister Pinarayi Vijayan said that a special investigation team will be formed to investigate the POCSO cases in the State.**

5. പകരച്ചുങ്ക നടപടി 90 ദിവസത്തേയ്ക്ക് മരവിപ്പിച്ച് അമേരിക്ക; ചൈനയ്ക്ക് ഇളവില്ല, തീരുവ 125 ശതമാനമാക്കി ഉയർത്തി.

   **In a major development, US President Donald Trump has announced a 90-day pause on reciprocal tariffs for all but China.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെ പരാജയപ്പെടുത്തി ഗുജറാത്ത് ടൈറ്റൻസ് പോയിൻറ് പട്ടികയിൽ ഒന്നാമത്.**

**Gujarat Titans top the point table after defeating Rajasthan Royals in IPL cricket.**

***************************************************

## PREZ SLOVAKIA VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സ്ലൊവാക്യൻ സന്ദർശനം തുടരുന്നു. ഇന്ന് നൈട്ര സർവ്വകലാശാലയിൽ നടക്കുന്ന ഇന്ത്യ-സ്ലൊവാക്യ ബിസിനസ് ഫോറത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ഒപ്പം ജാഗ്വാർ - ലാന്റ് റോവർ ഫാക്ടറിയും രാഷ്ട്രപതി സന്ദർശിക്കും. പോർച്ചുഗൽ സന്ദർശനം പൂർത്തിയാക്കി ഇന്നലെയാണ് രാഷ്ട്രപതി സ്ലോവാക്യയിലെത്തിയത്. സ്ലോവാക് റിപ്പബ്ലിക് പ്രസിഡൻറ് പീറ്റർ പെല്ലെഗ്രിനിയുമായി രാഷ്ട്രപതി കൂടിക്കാഴ്ച നടത്തി. സ്ലൊവാക്യൻ തലസ്ഥാനമായ ബ്രാറ്റിസ്ലാവയിൽ പ്രതിനിധിതല ചർച്ച നടന്നു. അടുത്തമാസം ഒന്നു മുതൽ നാല് വരെ മുംബൈയിൽ നടക്കുന്ന വേവ്സ് ഉച്ചകോടിയിലേക്ക് രാഷ്ട്രപതി സ്ലോവാക്യയെ ക്ഷണിച്ചു. ദ്വിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ഇന്ന് ഇന്ത്യയിലേയ്ക്ക് മടങ്ങും.

***************************************************

## PM – UP AND MP

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശും മധ്യപ്രദേശും സന്ദർശിക്കും. വാരാണസിയിൽ 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. 70 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർക്കായുള്ള ആയുഷ്മാൻ വയ വന്ദന കാർഡുകൾ ശ്രീ.മോദി കൈമാറും. വാരാണസി ഡിവിഷനിലെ ജൗൻപൂർ,

ചന്ദൗലി, ഗാസിപൂർ ജില്ലകളിൽ 1,045 കോടി രൂപയിലധികം ചെലവിൽ പൂർത്തിയാക്കിയ രണ്ട് 400 കെ.വി ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളും ഒരു 220 കെ.വി ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് മധ്യപ്രദേശിലെ ആനന്ദ്പൂർ ധാമിൽ പൊതുപരിപാടിയെ പ്രധാനമന്ത്രി മോദി അഭിസംബോധന ചെയ്യും. ഒപ്പം ഇസാഗഡിലെ ഗുരുജി മഹാരാജ് ക്ഷേത്രത്തിൽ അദ്ദേഹം ദർശനവും പൂജയും നടത്തും.

*****************************************************

## SHAH-TAHAWWUR (INTRO)

2008-ലെ മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ത്യയിൽ എത്തിക്കുന്നത് കേന്ദ്ര സർക്കാരിന്റെ

നയതന്ത്ര വിജയമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തഹാവൂർ റാണ ഇന്ത്യൻ കോടതിയിൽ വിചാരണ നേരിടേണ്ടിവരുന്നത് രാജ്യത്തിന് വലിയ നേട്ടമാകുമെന്ന് ഒരു സ്വകാര്യ ടി.വി ചാനലിൽ സംസാരിക്കവെ ശ്രീ ഷാ പറഞ്ഞു.

(ഹോൾഡ് വോയിസ്)

റാണയെ, ഇന്ന് പ്രത്യേക വിമാനത്തിൽ ഇന്ത്യയിൽ

എത്തിക്കുമെന്നാണ് റിപ്പോർട്ട്. ഇയാളെ ഇന്ത്യക്ക് കൈമാറുന്നതിനെതിരെ നൽകിയ അപേക്ഷ യു.എസ് സുപ്രീം കോടതി തള്ളിയിരുന്നു.

*****************************************************

## RAFALE

ഫ്രാൻസിൽ നിന്ന് ഇന്ത്യ 26 റഫേൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങും. ഇതുമായി ബന്ധപ്പെട്ട കരാർ വരുന്ന ആഴ്ച ഔദ്യോഗികമായി അംഗീകരിക്കും. ഇവ ഇന്ത്യൻ നാവികസേനയുടെ ആവിശ്യങ്ങൾക്ക് അനുസരിച്ച്

രൂപകൽപ്പന ചെയ്ത് തയ്യാറാക്കുമെന്ന് പ്രതിരോധ മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

*******************************************************

## ASHWINI-AADHAR

2023-ലെ വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ നിയമവുമായി, പുതിയ ആധാർ നിയമം സംയോജിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഉപയോക്തൃ താൽപ്പര്യത്തിന് പ്രാധാന്യം നൽകി, പഴുതടച്ച നിയമ നിർമ്മാണത്തിലൂടെ ആധാർ നിയമത്തിൻറെ ആധുനിക പതിപ്പ് കൊണ്ടുവരണമെന്നും അദ്ദേഹം പറഞ്ഞു.

*******************************************************

## INDIA - UK

ധനകാര്യ സേവന മേഖല, ഫിൻടെക്, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ എന്നിവയിൽ സഹകരണം തുടരുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് ഇന്ത്യയും യുകെയും. ലണ്ടനിൽ നടന്ന പതിമൂന്നാമത് ഇന്ത്യ- യു.കെ സാമ്പത്തിക, ധനകാര്യ സംഭാഷണത്തിലാണ് തീരുമാനം. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻറെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘം, യുകെ പ്രതിനിധി സംഘവുമായി ഉന്നതതല ചർച്ചകൾ നടത്തി.

*******************************************************

## MEA (INTRO)

ബംഗ്ലാദേശിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളിൽ ആശങ്ക അറിയിച്ച് ഇന്ത്യ. ഇത്തരം ആക്രമണങ്ങൾ തടയാനും ന്യൂനപക്ഷ വിഭാഗങ്ങളിലെ സുരക്ഷ ഉറപ്പാക്കാനും സർക്കാർ നടപടി

കൈക്കൊള്ളണമെന്ന് ബംഗ്ലാദേശിനോട് ഇന്ത്യ ആവശ്യപ്പെട്ടതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് - വോയിസ്)

********************************************************

## TRUMP-TARRIF

യുഎസ് ഉൽപന്നങ്ങൾക്ക് അമിതമായ ഇറക്കുമതി തീരുവ ഈടാക്കുന്നുവെന്ന് ആരോപിച്ച് ചുമത്തിയ പകരച്ചുങ്കം 90 ദിവസത്തേക്ക് മരവിപ്പിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ ചൈനയ്ക്ക് ഇളവ് നൽകാതിരുന്ന ട്രംപ്, ഇറക്കുമതി തീരുവ 125 ശതമാനമാക്കി ഉയർത്തുകയും ചെയ്തു. ചൈന ഒഴികെയുള്ള മറ്റ് രാജ്യങ്ങൾക്ക് അടിസ്ഥാന തുക പത്ത് ശതമാനമായിരിക്കും. അധികമായി ചുമത്തിയ തീരുവയാണ് 90 ദിവസത്തേയ്ക്ക് മരവിപ്പിച്ചത്. ലോക വിപണിയോട് ചൈന കാണിച്ച ബഹുമാനരഹിതമായ നടപടിയുടെ അടിസ്ഥാനത്തിലാണ് തീരുവ ഉയർത്തിയതെന്ന് ട്രംപ് പറഞ്ഞു. എന്നാൽ അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 84 ശതമാനം തീരുവയാണ് ചൈന ഏർപ്പെടുത്തിയിരിക്കുന്നത്.

********************************************************

## KERALA - POCSO

കേരളത്തിൽ പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ മന്ത്രിസഭായോഗ തീരുമാനം. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്. ഇതിനായി 304 തസ്തികകൾ സൃഷ്ടിക്കും.

********************************************************

## K- SMART

കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ മുഴുവൻ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാകുന്ന കെ-സ്മാർട്ട് പദ്ധതി ഇന്നുമുതൽ എല്ലാ ത്രിതല പഞ്ചായത്തുകളിലും നിലവിൽ വരും. കെ-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിലേയ്ക്ക് വിന്യസിക്കുന്ന സംവിധാനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

**************************************************************

## SUPPLYCO

സംസ്ഥാനത്ത് സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾക്ക് ഇന്ന് തുടക്കമാകും. മന്ത്രി ജി.ആർ.അനിൽ ഫെയറുകൾ ഉദ്ഘാടനം ചെയ്യും. ഈ മാസം 19 വരെ എല്ലാ താലൂക്കുകളിലെയും പ്രധാന വിൽപനശാല കേന്ദ്രീകരിച്ചാണ് ഫെയർ ക്രമീകരിക്കുന്നത്. കൺസ്യൂമർഫെഡിൻറെ വിഷു - ഈസ്റ്റർ സഹകരണ ചന്തകളും നാളെ മുതൽ ഈ മാസം 21 വരെ തുറന്ന് പ്രവർത്തിക്കും.

**************************************************************

## WORLD HOMEOPATHY DAY

ഇന്ന് ലോക ഹോമിയോപ്പതി ദിനം. ലോകത്തിലെ രണ്ടാമത്തെ വലിയ വൈദ്യശാസ്ത്ര സമ്പ്രദായമാണ് ഹോമിയോപ്പതി. ആയുഷ് മന്ത്രാലയത്തിൻറെ കണക്കുപ്രകാരം, രാജ്യത്ത് 100 ദശലക്ഷത്തിലധികം ആളുകൾ ഹോമിയോപ്പതിയെ ആശ്രയിക്കുന്നു. ഡോ.സാമുവൽ ഹാനിമാൻറെ ജന്മവാർഷികമാണ് ലോക ഹോമിയോപ്പതി ദിനമായി ആചരിക്കുന്നത്.

**************************************************************

## MAHA-MAHAVIR JAYANTI

ഇന്ന് മഹാവീർ ജയന്തി. ജൈനമതത്തിലെ 24-ാമത്തെ തീർത്ഥങ്കരൻ മഹാവീരൻറെ ജന്മദിനമാണ് മഹാവീർ ജയന്തിയായി ആഘോഷിക്കുന്നത്. ഇതോടനുബന്ധിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഘോഷങ്ങൾ നടക്കും.

**************************************************************

## RAIN KERALA

കേരളത്തിൽ ഇന്നും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. കന്യാകുമാരി തീരത്ത് ഇന്ന് ഉച്ചവരെ കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**************************************************************

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ 58 റൺസിന് പരാജയപ്പെടുത്തി ഗുജറാത്ത് ടൈറ്റൻസ്. ഗുജറാത്ത് ഉയർത്തിയ 218 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാൻ 19.2 ഓവറിൽ 159 റൺസിന് ഓൾ ഔട്ടായി. ഇതോടെ പോയിന്റ് പട്ടികയിൽ ഗുജറാത്ത് ഒന്നാമതെത്തി.

ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരു , ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും.

**************************************************************

## BADMINTON ASIA CHAMPIONSHIPS

ചൈനയിൽ നടക്കുന്ന ബാഡ്മിൻറൺ ഏഷ്യ ചാമ്പ്യൻഷിപ് സിംഗിൾസിൽ ഇന്ത്യയുടെ പി.വി.സിന്ധു, പ്രിയാൻഷു രജാവത്, കിരൺ ജോർജ് എന്നിവർ പ്രീ-ക്വാർട്ടറിൽ. പുരുഷ ഡബിൾസ് രണ്ടാം റൗണ്ടിൽ ഇന്ത്യയുടെ റൂബൻ കുമാർ - ഹരിഹരൻ സഖ്യം മലേഷ്യൻ ജോഡികളെ നേരിടും.

******************************************************

## ARCHERY WORLD CUP STAGE 1

2025-ലെ അമ്പെയ്ത്ത് ലോകകപ്പിന്റെ ഒന്നാം സ്റ്റേജിൽ പുരുഷന്മാരുടെ കോമ്പൗണ്ട് ടീം ഇനത്തിൽ ഇന്ത്യക്ക് വെങ്കലം. അഭിഷേക് വർമ്മ, ഋഷഭ് യാദവ്, ഓജസ് ഡിയോടെൽ എന്നിവരടങ്ങിയ സംഘം ഡെന്മാർക്കിനെയാണ് പരാജയപ്പെടുത്തിയത്.

******************************************************

## AUSTRALIA-TROPICAL DISEASE

ഓസ്ട്രേലിയയിൽ പടരുന്ന മെലിയോ-യിഡോസിസ് ബാക്റ്റീരിയൽ രോഗം ബാധിച്ചു മരിച്ചവരുടെ എണ്ണം 26 ആയി. രാജ്യത്തിന്റെ വടക്കു-കിഴക്കൻ മേഖലയിൽ പെയ്ത കനത്ത മഴയെ തുടർന്നാണ് ഉഷ്ണമേഖലാ രോഗം പൊട്ടിപ്പുറപ്പെട്ടത്. മണ്ണുമായോ ചെളി നിറഞ്ഞ വെള്ളവുമായോ നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കണമെന്ന്, ക്വീൻസ്ലാൻഡ് ആരോഗ്യ വിഭാഗം ജനങ്ങളോട് അഭ്യർത്ഥിച്ചു. തെക്കു-കിഴക്കൻ ഏഷ്യയിലും , വടക്കൻ ഓസ്ട്രേലിയയിലും കാണപ്പെടുന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന അപൂർവ ഉഷ്ണമേഖലാ രോഗമാണ് മെലിയോ-യിഡോസിസ്.

******************************************************

## DOMINICAN – DEATH

ഡൊമിനിക്കൻ റിപ്പബ്ലിക്ക് തലസ്ഥാനമായ സാൻറോ ഡൊമിംഗോയിൽ നിശാക്ലബ്ബിൻറെ മേൽക്കൂര തകർന്നുവീണ് മരിച്ചവരുടെ എണ്ണം 124 ആയി. 150 ലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. സംഗീത പരിപാടിക്കിടെ ഇന്നലെയായിരുന്നു അപകടം.

*************************************************************

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവത്തിൻറെ ഭാഗമായി ശബരിമലയിൽ ഇന്ന് പള്ളിവേട്ട നടക്കും. ശ്രീഭൂതബലി, വിളക്കെഴുന്നള്ളിപ്പ് എന്നിവ പൂർത്തിയാക്കിയാണ് പള്ളിവേട്ടയ്ക്ക് പുറപ്പെടുക. പമ്പയിൽ നാളെ ആറാട്ടും നടക്കും.

*************************************************************

## ASHA STRIKE -KERALA

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ ആശാവർക്കർമാർ നടത്തുന്ന സമരം 60-ാം ദിവസത്തിലേയ്ക്ക്. ഓണറേറിയം വർദ്ധിപ്പിക്കുക, ഇൻസെൻറീവ് അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. ഇതോടനുബന്ധിച്ചുള്ള നിരാഹാര സമരം 22-ാം ദിവസത്തിലേയ്ക്ക് നടന്നു.

*********************************************************************************************************************
*********************************************************************************************************************